"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/34/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13-01-2025

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - മാരക രോഗങ്ങൾക്കും അപൂർവ്വ രോഗങ്ങൾക്കും സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ നിർദ്ദേശിക്കുന്ന പ്രത്യേക മരുന്നുകൾ അതത് സർക്കാർ ആശുപത്രികൾ മുഖേന വാങ്ങി നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. 25.10.2023ലെ ഡിഎ1/363/2023-തസ്വഭവ നമ്പർ സർക്കുലർ
3. കണ്ണൂർ കിഡ്നി കെയർ കേരള ചെയർമാൻ 21.11.2023, 29.11.2023 തീയതികളിൽ നവകേരള സദസ്സിൽ (കണ്ണൂർ ജില്ല) നൽകിയ കത്തുകൾ
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-ന്ന നടന്ന യോഗത്തിന്റെ തീരുമാനം 4.6.
5. കിഡ്നി കെയർ കേരള - കണ്ണൂർ ചെയർമാന്റെ 02.12.2024ലെ കത്ത്

*********************

മാരക രോഗങ്ങൾക്ക് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ബന്ധപ്പെട്ട ആശുപത്രി മുഖേന രോഗികൾക്ക് മുടക്കം കൂടാതെ നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ സൂചന 1 സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. അതതു തലത്തിലെ ആശുപത്രികൾ പ്രദാനം ചെയ്യുന്ന ചികിത്സയും അവിടുത്തെ മെഡിക്കൽ ഓഫീസർമാർ ശിപാർശ ചെയ്യുന്ന മരുന്നുകളുമാണ് ഓരോ ആരോഗ്യ കേന്ദ്രത്തിലും ലഭ്യമാക്കേണ്ടത് എന്നും, മറ്റു സ്പെഷ്യാലിറ്റി ആശുപത്രികൾ നടത്തിയ കരൾ/വൃക്ക മാറ്റി വച്ചവർക്ക് ആവശ്യമായ മരുന്നുകൾ, ഇത്തരം ആശുപത്രികൾ നിർദ്ദേശിക്കുന്ന മരുന്നുകൾ/ അനുബന്ധ മരുന്നുകൾ ജില്ല /താലൂക്ക് ആശുപത്രിയിലും സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും കുടുംബാരോഗ്യ കേന്ദ്രത്തിലും തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങി സൂക്ഷിക്കേണ്ടതില്ല എന്നും ഇതിനു പകരം ഇത്തരം ആശുപത്രികൾ പ്രദാനം ചെയ്യുന്ന ചികിത്സയ്ക്ക് ആവശ്യമായ മരുന്ന് മുടക്കം കൂടാതെ ലഭ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക പരിഗണന നൽകണമെന്നും സൂചന 2 പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

2. എന്നാൽ മാരക രോഗങ്ങൾക്ക് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ബന്ധപ്പെട്ട ആശുപത്രി മുഖേന രോഗികൾക്ക് നൽകുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ എണ്ണക്കുറവിലുള്ള ആശങ്ക സൂചന 3 പ്രകാരം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. രോഗിയെ ചികിത്സിക്കുന്ന അംഗീകൃത ഡോക്ടർമാർ നിർദ്ദേശിക്കുന്ന

മരുന്നുകൾ തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികൾ മുഖേന വാങ്ങി വിതരണം ചെയ്യണമെന്നും കിഡ്നി കെയർ കേരള - കണ്ണൂർ ചെയർമാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, മാരക രോഗത്തിനും അപൂർവ്വ രോഗത്തിനും ചികിത്സ നൽകുന്നതിനായി സർക്കാർ ആശുപത്രികൾ മുഖേന മരുന്ന് വാങ്ങി നൽകുന്ന വിഷയത്തിൽ, സൂചിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ചുവടെ പ്രകാരം സ്പഷ്ടീകരണം നൽകുന്നു;

- മാരക രോഗത്തിനും അപൂർവ്വ രോഗത്തിനും ചികിത്സ നൽകുന്ന സർക്കാർ ആശുപത്രികളിൽ (FHC, CHC, താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രികൾ) ഇത്തരം മരുന്നുകൾ നിലവിലെ നടപടിക്രമങ്ങളിലൂടെ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.
- മാരക/അപൂർവ്വ രോഗങ്ങൾക്ക് സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ പ്രത്യേക മരുന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ, അവ അതത് തദ്ദേശ സ്ഥാപന പരിധിയിലുള്ള സർക്കാർ ആശുപത്രിയിലെ ഡോക്ടർമാർ ഓരോ കേസും പ്രത്യേകം പരിഗണിച്ച്, ഉചിതമായ തീരുമാനമെടുത്ത്, ബന്ധപ്പെട്ട സർക്കാർ ആശുപത്രിയിൽ മരുന്ന് ശേഖരിച്ച് നൽകാവുന്നതാണ്. ഇതിനും പ്രാബല്യത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ആരോഗ്യ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. ചെയർമാൻ, കിഡ്നി കെയർ കേരള-കണ്ണൂർ, സിവിൽ സ്റ്റേഷൻ പി.ഒ. - 670002
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ.
Date: 18-01-2025 12:34:28